Draft #2 of File 21642/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 26-Oct-2020 07:13 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം. 21642/AD A3/4/2020/ADMIN തീയതി 26.10.2020

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്ന സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് ബാധകമായ പട്ടികജാതി / പട്ടികവർഗ്ഗ സംവരണ തത്വങ്ങൾ പാലിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്ന് കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ 09.10.2018 തീയതിയിൽ 6502/A1/2018/KSCSC&ST നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ്, മിനിറ്റ്സ് ഇനം നം. 43/20.05/21642/AdA3/4/2019 തീയതി 13.10.2020 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3/
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

# കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

**അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം -3**

**ഹാജർ**

**ബി.എസ്.മാവോജി ഐ.എ.എസ് (റിട്ട.), ചെയർമാൻ**
**എസ്.അജയകുമാർ എക്സ്.എം.പി, മെമ്പർ**
**അഡ്വ.സിജ.പി.ജെ, മെമ്പർ**

**No: 6502/A1/2018/KSCSC&ST**

## ഉത്തരവ്

**(കമ്മീഷനുവേണ്ടി ബി.എസ്.മാവോജി ഐ.എ.എസ് (റിട്ട.), ചെയർമാൻ)**

ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റും ചില തസ്തികകളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിയ്ക്കാത്ത സാഹചര്യത്തിൽ ടി തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത്തരം നിയമനങ്ങൾ നടത്തുമ്പോൾ നിയമനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവരണക്രമം/തത്വങ്ങൾ പാലിക്കുന്നില്ല എന്ന് കമ്മീഷന് വ്യക്തമായി. സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ശമ്പളം നൽകുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ നിലവിലെ സംവരണതത്വങ്ങൾക്കനുസൃതമായിട്ടാവണം അത്തരം നിയമനങ്ങൾ നടത്തേണ്ടത്. അല്ലെങ്കിൽ സംവരണ വിഭാഗങ്ങളെ അത്തരം നിയമനങ്ങളിൽ നിന്നും ഒഴിവാക്കുന്ന സ്ഥിതി സംജാതമാകുന്നതാണ്. ആയതിനാൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്ന സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് ബാധകമായ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ തത്വങ്ങൾ പാലിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളു എന്ന് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

**കമ്മീഷൻ 2018 ഒക്ടോബർ 9-ാം തീയതി പ്രഖ്യാപിച്ചത്.**

**(ഒപ്പ്)**
**ബി.എസ്.മാവോജി ഐ.എ.എസ് (റിട്ട.)**
**ചെയർമാൻ**

ഉത്തരവിൻ പ്രകാരം

രജിസ്ട്രാർ

KERALA STATE COMMISSION FOR SC & ST ★ THIRUVANANTHAPURAM

skN_10.10.2018